"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - 2022 ഒക്ടോബർ 2 മുതൽ 8 വരെയുള്ള വന്യജീവി വാരാഘോഷം - 06.10.2022-ന് സർക്കാർ ഉദ്യോഗസ്ഥരും സ്കൂൾ വിദ്യാർത്ഥികളും പ്രതിജ്ഞ എടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.420/2022/F&WLD തീയതി, തിരുവനന്തപുരം, 29-09-2022

പരാമർശം:- 1. 16.09.2021 ലെ സ.ഉ(സാധാ) 294/2021/വനം നമ്പർ ഉത്തരവ്

2. വനം വന്യജീവി വിഭാഗം മുഖ്യ വനപാലകന്റെ 20.09.2022-ലെ KFDHQ/4136/2022-CWW നമ്പർ കത്ത്

**ഉത്തരവ്**

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതൽ ഒരാഴ്ച വന്യജീവി വാരമായി വർഷം തോറും ആചരിച്ചു വരുന്നുണ്ട്. വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി എല്ലാ ജനവിഭാഗങ്ങളെയും ബോധവൽക്കരിക്കുക, സംരക്ഷണ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തവും പ്രേരണയും ഉറപ്പ് വരുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നത്.

വന്യജീവി വാരാഘോഷത്തിന്റെ സന്ദേശം വിദ്യാർത്ഥികളിലും ജീവനക്കാരിലും എത്തിക്കുന്നതിന് 06.10.2022-ന് ഉച്ചയ്ക്ക് മുൻപ് സർക്കാർ ഉദ്യോഗസ്ഥരും സ്കൂൾ വിദ്യാർത്ഥികളും അവർക്ക് സൗകര്യപ്രദമായ സ്ഥലത്ത് വെച്ച് താഴെ കൊടുത്തിരിക്കുന്ന പ്രതിജ്ഞ എടുക്കണമെന്നും ആയതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

**പ്രതിജ്ഞ**

"കേരളത്തിന്റെ കാടുകളും പുഴകളും വന്യജീവികളുമെല്ലാം ഞങ്ങളുടെ സ്വത്താണ്, നിലനിൽപാണ്, അഭിമാനമാണ്. വരും തലമുറകളുടെ അവകാശമാണിവ. ഇവയെ നശിപ്പിക്കാൻ ഒരു ശക്തിയെയും ഞങ്ങൾ അനുവദിക്കുകയില്ല. കാടും ജലസമൃദ്ധിയും പച്ചപ്പും സംരക്ഷിക്കുമെന്ന് ഈ മണ്ണിൽ തൊട്ട് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

കാടിന് കാവൽ നാം തന്നെ

കാടിന് കാവൽ നാം തന്നെ

കാടിന് കാവൽ നാം തന്നെ"

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ജോയിന്റ് സെക്രട്ടറി

ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകളുടെയും

സ.ഉ.(സാധാ) നം.420/2022/F&WLD

അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്കും

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ്, കേരള

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം

അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ (പൊതുവിദ്യാഭ്യാസം/ഹയർ സെക്കന്ററി, വി.എച്ച്.എസ്.ഇ)

എല്ലാ ജില്ലാ കളക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

കരുതൽ ശേഖരം / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shiju P Paul
Date: 29-09-2022 15:43:11
സെക്ഷൻ ഓഫീസർ

പകർപ്പ് :
വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

എ.സി.ഡി.എസ്.പി.സി (1)/257498/2022/എച്ച്.എസ്.ഇ തീയ്യതി 01/10/2022

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെയും ശ്രദ്ധയിലേക്കും തുടർ നടപടികളിലേക്കുമായി പ്രസിദ്ധപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)